**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2715** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി- പട്ടികവർഗ വിദ്യാർഥികൾക്കായി ജില്ലാതല പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി- പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഉൾപ്പെടെ പരിശീലനം നൽകുന്നതിന് പര്യാപ്തമായ രീതിയിൽ ജില്ലാതലത്തിൽ പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകാമോ? | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട എൻട്രൻസ് പരിശീലനം നടത്തുന്ന കുട്ടികൾക്ക് ആനുകൂല്യം അനുവദിച്ചു നൽകുന്ന 2 പദ്ധതികളാണുള്ളത്. ഉദ്യോഗാർത്ഥികൾക്കായി മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ കേരള സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന വിദ്യാർത്ഥിയ്ക്ക് ICSETS (Institute for Civil Services Examination Training Society) മുഖേന ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നു. പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനം നടക്കുന്ന തെരഞ്ഞെടുക്കപ്പെട്ട 30 SC/ST വിദ്യാർത്ഥികൾക്ക് ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. എൻട്രൻസ് പരീക്ഷകൾക്ക് യോഗ്യത നേടിയതും മെരിറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിൽ ദീർഘകാല,ഹ്രസ്വകാല എൻട്രൻസ് പരീക്ഷാ പരിശീലനം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ മുഖേന നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസനവകുപ്പിനു കീഴിൽ ഹയർ സെക്കന്ററി സയൻസ് ബാച്ച് നിലവിലുള്ള 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും എൻട്രൻസ് പരിശീലന പദ്ധതി സംഘടിപ്പിക്കുന്നുണ്ട്. ജില്ലാതലത്തിൽ ഉന്നത പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ